**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **19-09-2025 - ൽ മറുപടിയ്ക്ക്**

**തിരൂർക്കാട് ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട് ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ദീർഘകാലമായി ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും ഒടുവിൽ ഈ റോഡുകൾ ബി.എം.& ബി.സി. ചെയ്തത് എന്നാണെന്ന് അറിയിക്കാമോ; | (എ) | 2009-2010 കാലയളവിലാണ് ഈ റോഡുകൾ ബി.എം. & ബി.സി ചെയ്തത്. |
| (ബി) | സംസ്ഥാനത്തെ ശോചനീയാവസ്ഥയിലുള്ള പൊതുമരാമത്ത് റോഡുകൾ നവീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെയായിട്ടും ഈ റോഡുകൾ നവീകരിക്കുന്നതിന് തുക വകയിരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ റോഡുകൾ വിവിധ പദ്ധതികളിലായി നവീകരിച്ച് വരുന്നു. |
| (സി) | ഈ റോഡുകൾ നവീകരിക്കുന്നതിന് എത്ര തുക വീതമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പ്രസ്തുത എസ്റ്റിമേറ്റുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുമോ; | (സി) | 1. തിരൂർക്കാട് - ആനക്കയം റോഡ് കി. മീ 0/000 മുതൽ 13/440 വരെ ബി എം & ബി സി അഭിവൃദ്ധിപ്പെടുത്തൽ - 19.5 കോടി രൂപ.<br>2. കുളത്തൂർ - മലപ്പുറം റോഡ് കി. മീ 7/000 മുതൽ 10/000 വരെ ബി എം & ബി സി അഭിവൃദ്ധിപ്പെടുത്തൽ - 4.29 കോടി രൂപ,<br>3. കുളത്തൂർ - മലപ്പുറം റോഡ് കി. മീ 5/000 മുതൽ 10/000 വരെ അഭിവൃദ്ധിപ്പെടുത്തൽ - 7.00 കോടി രൂപ<br>4. കൊളത്തൂർ - മലപ്പുറം റോഡ് കി. മീ. 0/000 മുതൽ 10/000 വരെ ബി എം & ബി സി അഭിവൃദ്ധിപ്പെടുത്തൽ - തുക 16.00 കോടി രൂപ<br>ധനലഭ്യത കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | തിരൂർക്കാട് ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ അടിയന്തരമായി തുക അനുവദിച്ച് | (ഡി) | (സി) പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | ബി.എം.& ബി.സി. ചെയ്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ